## 535

കർത്താവിൽ എപ്പോഴും സന്തോഷിക്കും ഞാൻ
ക്രിസ്തീയ ജീവിതയാത്രയതിൽ
കണ്ണീരിൻ വേളയോ കഷ്ടങ്ങളേറെയോ
വരികിലുമവനിൽ ഞാൻ സന്തോഷിക്കും

1 ആകുലചിന്തകളേറിയെന്നുള്ളം വ്യാകുലമായ് മുറ്റും തീർന്നിടുമ്പോൾ
ഏകുന്നു തൻമൊഴി സാന്ത്വനമെനിക്ക് ആകയാലിലൊരു ചഞ്ചലവും-

2 കാലമെല്ലാം തൻ കൈകളാലെന്നെ കാത്തിടുവാൻ വഴി നടത്തിടുവാൻ
കരുത്തനാമവനെന്നും കരുതിടുന്നവനാം
കർത്തനിൽ മാത്രമെന്നാശ്രയമാം-

3 അറിഞ്ഞിടുന്നെന്നെയഖിലവും ദൈവം
അവൻ ഹിതംപോലെ നടത്തിടുന്നു
അന്നന്നു താൻ തരും തുമ്പമോ ഇമ്പമോ
അതുമതിയെനിക്ക് അനുഗ്രഹമാം-

4 പരിശോധനകൾ പല ക്ലേശങ്ങൾ പാരിച്ച ഭാരങ്ങൾ സഹിച്ചിടുമീ
പാരിലെ നാളുകൾ തീർന്നിടും വേഗം
പിരിഞ്ഞങ്ങു പോം ഞാൻ പ്രിയന്നരികിൽ- **C.J.**